'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - മണർകാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. അനിത എം. തോമസിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2339/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/10/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 06.01.2015-ലെ ഇ5(എസ് സി 68/2014/കെടിഎം) 28790/2014നമ്പർ കത്ത്

2 സർക്കാരിന്റെ 05.10.2015-ലെ 175/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീമതി. അനിത എം. തോമസ് സമർപ്പിച്ച 26.12.2015-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 30.04.2016 -ലെ ഡി5- 37277/2015 നമ്പർ കത്ത്

5 സ.ഉ.(സാധാ) നം.2409/2019/തസ്വഭവ തീയതി 11.09.2019

6 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.11.2018-ലെ എവിഎസ്-15801/15 നമ്പർ കത്ത്

## <u>ഉത്തരവ്</u>

പഞ്ചായത്തിലെ സേവനത്തിൽ നിന്നും വിരമിച്ച ലൈബ്രേറിയന്റെയും, ഡ്രൈവറുടെയും സഹായത്തോടുകൂടി മണർകാട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെത്തുന്ന പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതിയിൽ സൂചിപ്പിക്കുംപ്രകാരമുള്ള ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുമുണ്ട്. തുടർന്ന് നിയമാനുസൃത കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല, കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതിൽ കാലതാമസം വരുത്തി എന്നീ വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. അനിത എം തോമസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. അനിത എം. തോമസിന് പരാമർശം ( 2 ) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. അനിത എം. തോമസ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി പ്രവേശിക്കുന്നതിന് മുമ്പ് ലഭിച്ച അപേക്ഷ പ്രകാരം കൊടുക്കേണ്ടിയിരുന്ന ബിൽഡിംഗ് പെർമിറ്റിനാണ് കാലതാമസം ഉണ്ടായതെന്നും താൻ അവിടെ ജോലി ചെയ്തിരുന്ന സമയത്ത് ബിൽഡിംഗ് പെർമിറ്റ് ഒന്നും രജിസ്റ്ററിൽ ചേർക്കാതെയോ താമസിച്ചോ നൽകിയിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. അനിത എം. തോമസ് സമർപ്പിച്ച

പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീമതി. അനിത എം. തോമസിന് കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയതിനാൽ ശ്രീമതി. അനിത എം. തോമസിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പരാമർശം (5) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

മണർകാട് ഗ്രാമപഞ്ചായത്തിൽ ശ്രീമതി. അനിത എം. തോമസ് സെക്രട്ടറിയായിരുന്ന സമയത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ ലഭ്യമാകുന്ന മുറക്ക് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നതിന് സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്നും, സെക്ഷൻ ക്ലാർക്ക് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനായ ജൂനിയർ സൂപ്രണ്ടിന്റെ ഭാഗത്തും വീഴ്ചയുണ്ടായിട്ടുണ്ടെന്നും, സെക്രട്ടറിയുടെ ഭാഗത്ത് മേൽ നോട്ട ചുമതലയിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നുവെന്നും, അന്വേഷണത്തിന് നൽകുന്ന ഫയലുകൾ യഥാസമയം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിൽ സാങ്കേതികവിഭാഗം ജീവനക്കാരനായ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവരുടെ ഭാഗത്തും വീഴ്ചയുണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീമതി. അനിത എം. തോമസിനെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ ലഭിച്ചാലുടൻ തന്നെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്തതിന് ശേഷം സാങ്കേതിക പരിശോധനക്കായി അസിസ്റ്റന്റ് എൻജിനീയർക്ക് കൈമാറുന്നതിന് സെക്ഷൻ ക്ലാർക്കിനെ ചുമതലപെടുത്തിയിട്ടുള്ളതാണെന്നും, അപേക്ഷകൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക കൈമാറുന്നതിന് പെർമിറ്റ് രജിസ്റ്റർ അല്ലാതെ മറ്റൊരു രജിസ്റ്റർ കൂടി ഉപയോഗിച്ച് വരുന്നതായും അന്വേഷണത്തിന് ശേഷം തിരികെ തരുമ്പോൾ ടി രജിസ്റ്ററിൽ ഒപ്പിട്ട് വാങ്ങിയിരുന്നതുമാണെന്നും പെർമിറ്റ് അപേക്ഷകൾ സാങ്കേതിക പരിശോധനക്ക് ശേഷം അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള താമസം കൊണ്ടാണ് പെർമിറ്റ് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതെന്നും സെക്രട്ടറി എന്ന നിലയിൽ പെർമിറ്റ് നൽകുന്നതിൽ യാതൊരുവിധ കാലതാമസവും മനഃപൂർവമായി തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ശ്രീമതി. അനിത എം. തോമസ് ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം, അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ശ്രീമതി. അനിത എം. തോമസ് ബോധിപ്പിച്ച വാദങ്ങളുടെയും, അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഓഫീസ് ഉത്തരവ് നമ്പർ 55/2013 തീയതി 04.12.2013 പ്രകാരം കെട്ടിടനികുതി പെർമിറ്റ് സംബന്ധിച്ച ചുമതലപെടുത്തിയിട്ടുള്ളത് സീനിയർ ക്ലാർക്ക് ശ്രീ. ഗോപിനാഥക്കുറുപ്പിനെയായിരുന്നു. എന്നിരുന്നാലും സൂപ്പർവൈസറി ഉദ്യോഗസ്ഥർ ആയത് ശ്രദ്ധിച്ച ആവശ്യമായ തിരുത്തൽ നടപടികൾ വരുത്തിയിട്ടുള്ളതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ

## File No.LSGD-EPB2/175/2015-LSGD

ശ്രീമതി. അനിത എം. തോമസിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ മേൽനോട്ടക്കുറവ് ഉണ്ടായിട്ടുള്ളതിനാൽ ശ്രീമതി. അനിത എം. തോമസിനെതിരായ അച്ചടക്ക നടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. അനിത എം. തോമസ്, മുൻ സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/175/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ